# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/58/2018              2018 മാർച്ച് 17

## പത്രക്കുറിപ്പ്

### എം.ജി.യിൽ ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പിന് തുടക്കമായി

## കാർഷിക പ്രശ്ന പരിഹാരത്തിന് വിദ്യാർത്ഥികൾ നവീനാശയങ്ങളുമായി മുന്നോട്ടുവരണം: എസ്.ബി.ഐ. കേരളാ ചീഫ് ജനറൽ മാനേജർ

കാർഷിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുള്ള നവീന ആശയങ്ങൾ വിദ്യാർത്ഥി സമൂഹത്തിൽ നിന്ന് ഉരുത്തിരിയണമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരള ചീഫ് ജനറൽ മാനേജർ എസ്. വെങ്കട്ടരാമൻ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കൃഷി കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ജൈവ സ്റ്റുഡൻസ് സ്റ്റാർട്ടപ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹരിത കേരളം പദ്ധതി മുന്നോട്ടുവയ്ക്കുന്ന ജൈവകൃഷി, മാലിന്യനിർമ്മാർജ്ജനം, ജലസംരക്ഷണം, ശുചിത്വം എന്നീ മേഖലകളിലുള്ള സംരംഭകത്വാശയങ്ങൾ പരിപോഷിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

കർഷകരുടെ വരുമാനം ഇരട്ടിയെങ്കിലും ആക്കിയേ തീരൂ. ഇതിനായി ബാങ്കുകൾ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ, കൂടുതൽ ഫലപ്രദമായ നവ സംരംഭങ്ങൾ ഈ മേഖലയിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ദിശയിലേക്കുള്ള എം.ജി. സർവ്വകലാശാലയുടെ ദീർഘദർശനം അഭിനന്ദനാർഹമാണെന്ന് വെങ്കിട്ടരാമൻ പറഞ്ഞു.

എം.ജി.യിൽ ആരംഭിച്ചിരിക്കുന്ന വിദ്യാർത്ഥി സംരംഭകത്വ കേന്ദ്രവും പേറ്റന്റ് സംവിധാനവും ഭാവിയിൽ സർവ്വകലാശാലയുടെ വരുമാന വർദ്ധന കൂടി ലക്ഷ്യം വച്ചുള്ളതാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ പറഞ്ഞു. 2018 ജൂലൈ മാസം മുതൽ കോട്ടയം ജില്ലയിലെ കോളേജുകളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും എസ്.ബി.ഐ.യുടെ സഹായത്തോടെ നാഷണൽ സർവ്വീസ് സ്കീം വോളണ്ടിയർമാരിലൂടെ ഇ-ബാങ്കിംഗ് സാക്ഷരരാക്കാനുള്ള പദ്ധതി എസ്.ബി.ഐ. ചീഫ് ജനറൽ മാനേജർക്ക് സ്റ്റേറ്റ് എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ സമർപ്പിച്ചു. സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, ഡോ. കെ. ഇന്ദുലേഖ, ബി.ഐ.ഐ.സി. ഡയറക്ടർ ഡോ. ആർ. ഗിരീഷ്കുമാർ എന്നിവർ സംസാരിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നിലവിലുള്ള വിദ്യാർത്ഥികൾക്കും കഴിഞ്ഞ മൂന്നു വർഷത്തിനകം പഠനം പൂർത്തിയായ പൂർവ്വ വിദ്യാർത്ഥികൾക്കും ജൈവ സ്റ്റുഡന്റ്സ് സ്റ്റാർട്ടപ്പിലേക്ക് അപേക്ഷകൾ സമർപ്പിക്കാം. ഉല്പവൽക്കരിക്കാവുന്ന ആശയമുള്ളവരായിരിക്കണം. ഇവർക്ക് www.biic.org.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാം.

അടിക്കുറിപ്പ്

**മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവ കൃഷി കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിലുള്ള ജൈവ സ്റ്റുഡൻസ് സ്റ്റാർട്ടപ്പിന്റെ ഉദ്ഘാടനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കേരള ചീഫ് ജനറൽ മാനേജർ എസ്. വെങ്കട്ടരാമൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു. ഡോ. ആർ. ഗിരീഷ് കുമാർ, സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, രജിസ്ട്രാർ എം.ആർ. ഉണ്ണി, വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ, എൻ.എസ്.എസ്. സ്റ്റേറ്റ് കോ ഓർഡിനേറ്റർ ഡോ. കെ. സാബുക്കുട്ടൻ, ഡോ. കെ. ഇന്ദുലേഖ എന്നിവർ സമീപം**

**പരീക്ഷാ തീയതി**

നാലാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. (2016 അഡ്മിഷൻ റഗുലർ/2013 – 2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷകൾ ഏപ്രിൽ 3ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ. ഇന്റേണൽ മാർക്കുകൾ പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. വീഴ്ച വരുത്തുന്ന കോളേജുകളിൽ നിന്നും സർവ്വകലാശാലാ ഉത്തരവിൻ പ്രകാരമുള്ള പിഴ ഈടാക്കുന്നതാണ്.

**പ്രൈവറ്റ് എം.എ./എം.എസ്.സി./എം.കോം അപേക്ഷാ തീയതി**

ഒന്നും രണ്ടും സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം (പ്രൈവറ്റ് രജിസ്ട്രേഷൻ, 2016 അഡ്മിഷൻ റഗുലർ & 2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഏപ്രിൽ മാസത്തിൽ ആരംഭിക്കും. 2004 അഡ്മിഷൻ മുതലുള്ള എം.എ./എം.എസ്.സി./എം.കോം പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് അനുവദിച്ച മേഴ്സി ചാൻസ് പരീക്ഷകളും ഇതോടൊപ്പം നടത്തും. അപേക്ഷകൾ പിഴയില്ലാതെ മാർച്ച് 22 വരെയും 50 രൂപ പിഴയോടെ 23 വരെയും 500 രൂപ സൂപ്പർഫൈനോടെ 26 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്റർ ഒന്നിന് 150 രൂപ വീതവും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി സെമസ്റ്ററിന് 150 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം. ആദ്യമായി മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ 5000 രൂപയും രണ്ടാമതും അപേക്ഷിക്കുന്നവർ 7000 രൂപയും അവസാന മേഴ്സി ചാൻസ് പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ 10000 രൂപയും നിശ്ചിത പരീക്ഷാഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ സ്പെഷ്യൽ ഫീസ് അടയ്ക്കണം. സപ്ലിമെന്ററി/മേഴ്സി ചാൻസ് പരീക്ഷകൾക്കുള്ള എം.എസ്.സി. അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ – 8 നും, എം.എ./എം.കോം. അപേക്ഷകൾ പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ – 9നും നേരിട്ട് സമർപ്പിക്കണം. പരീക്ഷാ തീയതി പിന്നീട് പ്രഖ്യാപിക്കും.

**പരീക്ഷാഫലം**

2016 നവംബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ, റഗുലർ, സപ്ലിമെന്ററി, നോൺ സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, അഡീഷണൽ പി.ജി.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. സോഷ്യോളജി (പ്രൈവറ്റ് രജിസ്ട്രേഷൻ/പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ് രജിസ്ട്രേഷൻ/പ്രൈവറ്റ് സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 3 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (പ്രൈവറ്റ് രജിസ്ട്രേഷൻ ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി, റഗുലർ നോൺ സി.എസ്.എസ്. പി.ജി.) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 3 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടന്ന ഒന്നാം വർഷ എംകോം (പ്രൈവറ്റ് രജിസ്ട്രേഷൻ, റഗുലർ, പ്രൈവറ്റ് സപ്ലിമെന്ററി മേഴ്സി ചാൻസ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 3 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടന്ന അവസാന വർഷ ബി.എസ്.സി. നഴ്സിംഗ് (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. ഗാന്ധിനഗർ ഐ.എൻ.ഇ.യിലെ ശ്രീന പി.എസ്., പാലാ ഐ.എൻ.ഇ.യിലെ ആൽഫ റാണി തോമസ്, ഗാന്ധിനഗർ ഐ.എൻ.ഇ.യിലെ പ്രീജ പൊന്നപ്പൻ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ചരിത്രം (സി.എസ്.എസ്. ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് - റഗുലർ, സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധന യ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. അറബിക് (പ്രൈവറ്റ്, പ്രൈവറ്റ് സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോ ധനയ്ക്കും ഏപ്രിൽ 2 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ആക്ചൂറിയൽ സയൻസ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 28 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി (പ്രൈവറ്റ് ര ജിസ്ട്രേഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോ ധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

2016 നവംബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. ഇക്കണോമിക്സ് (പ്രൈവറ്റ് ര ജിസ്ട്രേഷൻ റഗുലർ/സപ്ലിമെന്ററി, രണ്ടാം സെമസ്റ്റർ നോൺ സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി, മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരി ശോധനയ്ക്കും മാർച്ച് 31 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**